## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2721 — 10.07.2015-ൽ മറുപടിക്ക്

## മൊബിലിറ്റി ഹബ്ബുകൾ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വൈററില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കണമെന്ന പ്രഖ്യാപനം 2013-14 -ലെ ബജറ്റിൽ നടത്തിയിരുന്നുവോ; | എ) നടത്തിയിരുന്നു |
| ബി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കാമോ? | ബി) എറണാകുളം ജില്ലയിലെ വൈറ്റിലയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുവാൻ തീരുമാനിക്കുകയും അതിലേയ്ക്കായി ഒരു സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലാ കളക്ടർ സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറും, ചീഫ് സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമാണ്. 'കിൻഫ്ര'യുടെ കൈവശമുള്ള 10 ഏക്കർ സ്ഥലം മൊബിലിറ്റി ഹബ്ബിന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്. കോട്ടയത്ത് കോടിമാതായിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ഹബ്ബ് സ്ഥാപിക്കുന്നതിനായി സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ